# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3169** — **14.03.2018-ൽ മറുപടിക്ക്**

## മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

**ചോദ്യം**
**ശ്രീ.വി. അബ്ദുറഹിമാൻ**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് (567/2013) ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചുവെന്നും എത്ര എൻ ജെ ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | ആകെ 720 പേർക്ക് നിലവിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ 150 എണ്ണം എൻ ജെ ഡി ഒഴിവുകൾ ആയിരുന്നു. |
| (ബി) | ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ മലപ്പുറം ജില്ലയിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇത് പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ലാസ്റ്റ് ഗ്രേഡ് ഒഴിവുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളതെന്നും എത്രപേർക്ക് കൂടി നിയമനം ലഭിക്കുമെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | നിലവിൽ 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും, നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ